# ജില്ലാആശുപത്രിവടകര

കോഴിക്കോട്ജില്ല,വടകര-673 101

☎0496 2524259 ✉dhvatakara@gmail.com


നമ്പർ സി1-4844/2024 തീയ്യതി.29.07.2024

## ടെണ്ടർനോട്ടീസ്

ജനനി ശിശുസുരക്ഷ കാര്യക്രമം (JSSK) മാതൃയാനം പദ്ധതി പ്രകാരം 2024-2025 സാമ്പത്തിക വർഷത്തേക്ക് വടകര ജില്ലാആശുപത്രിയിൽ പ്രസവിച്ച അമ്മമാരെയും കുട്ടികളെയും ആശുപത്രിയിൽ നിന്നും വീട്ടിൽ എത്തിക്കുന്നതിന് റണ്ണിംഗ്കോൺട്രാക്ട്വഴി 1200 CCയ്ക്കുമുകളിൽ 4 Seated ടാക്സി കാർ ഉടമകളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ടെണ്ടർഫോംവില | :Rs.400 +GST |
| ടെണ്ടർഫോംവിതരണംചെയ്യുന്ന അവസാന തീയ്യതി | : 27.08.2024 5 PM |
| ടെണ്ടർഫോംസ്വീകരിക്കുന്ന അവസാന തീയ്യതി | :29.08.2024 1 PM |
| ടെണ്ടർതുറക്കുന്നതീയ്യതി | : 29.08.2024 2 PM |
| നിരതദ്രവ്യം | : Rs.1800/- |

**നിബന്ധനകൾ**

1. ദർഘാസ്ഫോംഉള്ളടക്കംചെയ്തിട്ടുള്ളകവറിനു മുകളിൽ നമ്പർ.സി1-4844/24 വടകര ജില്ലാ ആശുപത്രി"ജനനി ശിശു സുരക്ഷാ കാര്യക്രമം പ്രകാരം സർക്കാർ ആശുപത്രിയിൽ പ്രസവിച്ച അമ്മമാരുടെയും കുട്ടികളുടെയും യാത്രക്കുള്ളടെണ്ടർ"എന്ന്രേഖപ്പെടുത്തിയിരിക്കണം.

2. ടെണ്ടർ സമർപ്പിക്കുമ്പോൾ വാഹനത്തിന്റെ ആദ്യത്തെ 5 കിലോമീറ്റർ ഓട്ടത്തിന് നൽകേണ്ട പരമാവധി (മിനിമംചാർജ്ജ്) തുക പിന്നീടുള്ള ഓരോ കിലോമീറ്റർ ഓട്ടത്തിനും നൽകേണ്ട തുക എന്നിവരേഖപ്പെടുത്തേണ്ടതാണ്.

3. ആർ.ടി.ഒ നിഷ്കർഷിക്കുന്ന തുകയ്ക്കോ അതിൽകുറഞ്ഞ തുകയ്ക്കോ സ്റ്റോർ പർച്ചേയ്സ്റൂൾ പാലിച്ച് വാഹനങ്ങൾ ലഭ്യമാക്കേണ്ടതാണ്. ടെണ്ടർ ലഭിക്കുന്ന വ്യക്തികേന്ദ്ര/കേരള മോട്ടോർവാഹനചട്ട പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുള്ളവാഹനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ.

4. സ്വീകാര്യമായ ടെണ്ടർ പ്രകാരം വടകരജില്ലാ ആശുപത്രിയിൽ നിന്നും പ്രസവംനടക്കുന്ന അമ്മയെയും കുഞ്ഞിനേയും അവരുടെ വീടുകളിലേക്ക് എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം ടെണ്ടർ ലഭിക്കുന്ന വ്യക്തിയിൽ /ടാക്സിഓണറിൽ നിക്ഷിപ്തമായിരിക്കും.

5. ടെണ്ടർലഭിക്കുന്ന വ്യക്തിക്ക്ആശുപത്രി പരിസരത്തുനിന്നും വാഹനം നിശ്ചിതസമയത്തിനകം ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കും.

6. ടെണ്ടർലഭിക്കുന്ന വ്യക്തികളുടെവാഹനം ഏതു സമയത്തും ലഭ്യമാക്കത്തക്ക രീതിയിൽ സജ്ജമായിരിക്കേണ്ടതാണ്. വാഹനത്തിന്റെ ഉടമസ്ഥൻ ആശുപത്രിക്ക് വേണ്ടി ഉപയോഗിക്കുന്ന വാഹനത്തിന്റെയും , ഡ്രൈവറുടെയും വിവരങ്ങൾ ആശുപത്രി സൂപ്രണ്ടിനെ രേഖാമൂലം മുൻകൂട്ടി അറിയിക്കേണ്ടതാണ്. കരാർ കാലയളവിൽ വാഹനമോ, ഡ്രൈവറോ മാറുന്നുണ്ടെങ്കിൽ ആയതും യഥാസമയം അറിയിക്കേണ്ടതാണ്.

7. സ്വീകാര്യമായ ടെണ്ടർ സമർപ്പിച്ച വ്യക്തിയെ രേഖാമൂലംവിവരം അറിയിക്കുന്നതാണ്. അപ്രകാരം അറിയിപ്പ്ലഭിച്ചുകഴിഞ്ഞാൽ 2 ദിവസത്തിനുള്ളിൽ 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ ഒപ്പിടേണ്ടതാണ്.

8. ടെണ്ടർ അംഗീകരിച്ച തീയ്യതി മുതൽ ഒരുവർഷം ആയിരിക്കും പ്രസ്തുത കരാറിന്റെ കാലാവധി.

സൂപ്രണ്ട്

പകർപ്പ്:

1. ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (വെബ് സൈറ്റിൽ പരസ്യപ്പെടുത്തുന്നതിന്)
2. നോട്ടീസ് ബോർഡ്,നഗരസഭ വടകര
3. സൂപ്രണ്ട് താലൂക്ക് ആശുപത്രി,കൊയിലാണ്ടി/നാദാപുരം/കുറ്റ്യാടി
4. ആശുപത്രി പരിസരം
5. ടാക്സി സ്റ്റാന്റ്
6. ഫയൽ/ കരുതൽ ഫയൽ